## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5115 06.02.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## കൊലപാതക കേസുകളിൽ സി.ബി.ഐ അന്വേഷണം

**ചോദ്യം**

ഡോ.ടി.എം.തോമസ് ഐസക്

(എ) സംസ്ഥാനത്തുണ്ടായ ഏതെല്ലാം കൊലപാതക കേസുകളുടെ അന്വേഷണം സി.ബി.ഐയ്ക്ക് വിടണം എന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ട്; ഇവയിൽ ഇപ്പോഴും സർക്കാർ തീരുമാനം എടുത്തിട്ടില്ലാത്തവ ഏതൊക്കെയാണ്;

(ബി) ഏതെല്ലാം കൊലപാതകങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകളുടെ കാര്യത്തിൽ സി.ബി.ഐ അന്വേഷണം ആവശ്യമില്ലെന്ന നിലപാട് സർക്കാർ ഇതിനകം എടുക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഇത്തരം അപേക്ഷകളിൽ തീരുമാനം എടുക്കുന്നത് ഏത് പൊതുമാനദണ്ഡത്തിന്റെയടിസ്ഥാനത്തിലാണ്; ഇതു സംബന്ധമായ നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ഡി) പോലീസ് അന്വേഷണം നടത്തി കുറ്റപത്രം കോടതികളിൽ സമർപ്പിക്കപ്പെട്ട കേസുകളിൽ സി.ബി.ഐ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ), (ബി), (സി) & (ഡി) ജയകൃഷ്ണൻ മാസ്റ്റർ, ഷുക്കൂർ, റ്റി.പി. ചന്ദ്രശേഖരൻ, കണ്ടാർ ബാലൻ, രാമഭദ്രൻ, സതംസിങ്ങ്, ശ്രേയ, ആസ്റ്റിൻ ദേവരാജ് എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട കേസുകൾ സി.ബി.ഐ യ്ക്ക് വിടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് അപേക്ഷകൾ ലഭിച്ചതിൽ ജയകൃഷ്ണൻ മാസ്റ്റർ, ഷുക്കൂർ, കണ്ടാർ ബാലൻ, രാമഭദ്രൻ, സതംസിങ്ങ്, ശ്രേയ ആസ്റ്റിൻ ദേവരാജ് എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് സി.ബി.ഐ.യെ ചുമതലപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിനുള്ള വിജ്ഞാപനങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. കേസിന്റെ പ്രാധാന്യവും കൊല്ലപ്പെട്ടവരുടെ ബന്ധുക്കളുടെ അപേക്ഷയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചാണ് സി.ബി.ഐ അന്വേഷണത്തിന് തീരുമാനം എടുത്തിട്ടുള്ളത്.ഒരു സ്വതന്ത്ര ഏജൻസി തുടരന്വേഷണം നടത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടാൽ CrPC 173(8) വകുപ്പ് പ്രകാരം തുടരന്വേഷണം നടത്തുവാൻ, അത്തരം കേസുകൾ സി.ബി.ഐ ക്ക് വിടാറുണ്ട്. ജയകൃഷ്ണൻ മാസ്റ്റർ വധക്കേസ്, ഷുക്കൂർ വധക്കേസ്, കണ്ടാർ ബാലൻ, രാമഭദ്രൻ, സതംസിങ്ങ് എന്നിവരുടെ കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ച ശേഷമാണ് സി.ബി.ഐ അന്വേഷണത്തിനായി ശുപാർശ ചെയ്തത്. മേൽ സൂചിപ്പിച്ച കേസുകൾക്ക് പുറമേ വിജയലക്ഷ്മി, ജോർജ്ജ് കുട്ടി, ബിനു സെബാസ്റ്റ്യൻ, ജയശ്രീ, ഷെമീർബാബു, ആര്യ സോമരാജൻ, ജീസമോൾ,ഷാനി, സോണിലാൽ എന്നിവരുടെ മരണം സംബന്ധിച്ച കേസുകൾ സി.ബി.ഐ ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് സർക്കാരിൽ പരാതി ലഭിച്ചിരുന്നു. ടി കേസുകളിൽ സി.ബി.ഐ അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ